(ഇ) ഹാന്റ് വാഷും മാർക്കിനെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം വളർത്തുന്നതിന് ടെക്സ്റ്റൈൽസ് കമ്മിറ്റി പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന്റെ ഭാഗമായും ഇത്തരത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു വരുന്നു.

കൈത്തറി മേഖലയുടെ വികസനം

155 (6327) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയുടെ വികസനത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കൈത്തറി മേഖലയ്ക്ക് ആവശ്യമായ നൂൽ സംസ്കരണം നടത്തുന്നതിനുള്ള പ്രോജക്ട് പൂർണ്ണ നിലയിൽ കോഴിക്കോട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) സംസ്കരണ പ്രവർത്തനങ്ങൾക്ക് എന്തൊക്കെ സംവിധാനങ്ങളാണ് അവിടെ സജ്ജമാക്കിയിട്ടുള്ളത് ;

(ഡി) ഡൈയിംഗ്, സൈസിംഗ്, വാർപ്പിംഗ്, വൈൻഡിംഗ് എന്നീ സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള എന്തൊക്കെ സൗകര്യങ്ങൾ ഇവിടെ ലഭ്യമാക്കിയിട്ടുണ്ട് ;

(ഇ) സംസ്ഥാനത്ത് മറ്റ് എവിടെയൊക്കെയാണ് ഇത്തരം സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള സൗകര്യം ഉള്ളത് ;

(എഫ്) കൂടുതൽ സ്ഥലങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൈത്തറി മേഖലയ്ക്ക് ആവശ്യമായ പ്രധാന അസംസ്കൃത വസ്തുവായ കഴിനൂലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിലും ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിലും കഴിനൂൽ നിർമ്മാണ കേന്ദ്രങ്ങൾ ആരംഭിക്കുകയുണ്ടായി. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ ഈ വർഷം ഡിസംബർ മാസത്തോടുകൂടി ഇത്തരം കേന്ദ്രം നിലവിൽ വരുന്നതാണ്.

കൂടാതെ കഴിനൂൽ, ചായം, രാസവസ്തുക്കൾ എന്നിവയ്ക്ക് സർക്കാർ സബ്സിഡി നൽകിക്കൊണ്ട് അവ വിലകുറച്ച് ലഭ്യമാക്കാൻ കൈത്തറി സഹകരണ സംഘങ്ങളെ സഹായിക്കുന്നു. ഇത്തരം അസംസ്കൃത വസ്തുക്കൾ

LIBRARY ARCHIVES Kerala Legislative Assembly

വിതരണം ചെയ്യുന്നതിനായി കേരളത്തിലെ 5 അസംസ്കൃത വസ്തു ബാങ്കുകൾക്കും, ഹാന്റ്ക്സ്, ഹാൻവീവ് എന്നിവയ്ക്കും കുറഞ്ഞ പലിശ നിരക്കിൽ സർക്കാർ ധനസഹായം നല്കുന്നുണ്ട്. കൂടാതെ നാഷണൽ ഹാന്റ് ലൂം ഡവലപ്മെന്റ് കോർപ്പറേഷൻവഴി ആവശ്യമുള്ള നൂൽ എത്തിക്കുന്നു.

(ബി) കൈത്തറി മേഖലയ്ക്ക് ആവശ്യമായ നൂൽ സംസ്ക്കരണം നടത്തുന്നതിന് മലബാർ വീവിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു സ്ഥാപനം കോഴിക്കോട് ജില്ലയിൽ 2010 ജൂൺ മാസത്തിൽ പൂർണ്ണനിലയിൽ പ്രവർത്തനം ആരംഭിച്ചു.

(സി) അത്യാധുനിക യന്ത്ര സംവിധാനങ്ങൾ ഈ സ്ഥാപനത്തിൽ ഒരുക്കിയിട്ടുണ്ട്. പ്രധാനമായി ആധുനിക രീതിയിലുള്ള ഡൈയിംഗ് സാങ്കേതിക വിദ്യ (ചീസ് ഡൈയിംഗ്) ആണ് ഇവിടെ നടന്നുവരുന്നത്. ഇതര സംസ്ക്കരണ പ്രവർത്തനങ്ങളായ സൈസിംഗ്, വാർപ്പിംഗ്, വൈൻഡിംഗ് എന്നിവ ഈ സ്ഥാപനത്തിന്റെ സമീപത്തായി പ്രവർത്തിക്കുന്ന കോഴിക്കോട് ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റി എന്ന സ്ഥാപനത്തിൽ നടന്നു വരുന്നു.

(ഡി) മലബാർ വീവിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ ഡൈയിംഗ്, വൈൻഡിംഗ് എന്നിവയ്ക്കായി താഴെപറയുന്ന യന്ത്രസാമഗ്രികൾ ഒരുക്കിയിട്ടുണ്ട്.

100 കി. കപ്പാസിറ്റിയുള്ള ചീസ് യാൺ, ഡൈയിംഗ് മെഷീൻ - 2 എണ്ണം.

50 കി. കപ്പാസിറ്റിയുള്ള ചീസ് യാൺ, ഡൈയിംഗ് മെഷീൻ - 1

100 കി. കപ്പാസിറ്റിയുള്ള കാബിനറ്റ് ഡൈയിംഗ് മെഷീൻ - 1

50 കി. കപ്പാസിറ്റിയുള്ള കാബിനറ്റ് ഡൈയിംഗ് മെഷീൻ - 1

15 കി. മാനുവൽ ഡൈയിംഗ് ടാങ്ക് - 1

10 കി. മാനുവൽ ഡൈയിംഗ് ടാങ്ക് - 1

5 കി. മാനുവൽ ഡൈയിംഗ് ടാങ്ക് - 1

ഹൈഡ്രോ എക്സ്ട്രാക്ടർ - 1

സെമി ആട്ടോമാറ്റിക് ചീസ് ഹൈഡ്രോ എക്സ്ട്രാക്ടർ - 1

റൂം ഡ്രൈയർ - 1

സ്റ്റീം ബോയിലർ - 1

സോഫ്റ്റ് വൈൻഡിംഗ് മെഷീൻ (60 ഡ്രം കപ്പാസിറ്റി) - 1

വാട്ടർ സോഫ്റ്റനിംഗ് പ്ലാന്റ് - 1

എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് -1

ട്രാൻസ്ഫോർമർ (160 KVA) - 1

LIBRARY ARCHIVES Kerala Legislative Assembly

പ്രതിദിനം 750 കിലോഗ്രാം നൂൽ ഈ സ്ഥാപനത്തിൽ സംസ്ക്കരിക്കാവുന്നതാണ്. കോഴിക്കോട് ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റിയിൽ താഴെ പറയുന്ന യന്ത്രസാമഗ്രികൾ ലഭ്യമാണ്.

കഴിനൂൽ-കോൺനൂൽ വൈൻഡിംഗ് മെഷീൻ - 1

കോൺനൂൽ-കോൺനൂൽ വൈൻഡിംഗ് മെഷീൻ - 1

പേണ് വൈൻഡിംഗ് മെഷീൻ - 2

ആട്ടോമാറ്റിക് വാർപ്പ് ഡൈയിംഗ് മെഷീൻ - 1

സെക്ഷണൽ വാർപ്പിംഗ് മെഷീൻ - 2

(ഇ) ഹാന്റക്സിന്റെ കീഴിൽ തിരുവനന്തപുരത്തും ഹാൻവീവിനു കീഴിൽ കണ്ണൂരും ഇത്തരം സംസ്ക്കരണ പ്രവർത്തനങ്ങൾക്കുള്ള സൗകര്യം ഉണ്ട്.

(എഫ്) സംസ്ഥാനത്തെ ഫാക്ടറി ടൈപ്പ് കൈത്തറി സംഘങ്ങളിൽ മിനി പ്രീലും പ്രോസസ്സിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേക ഓഹരി പങ്കാളിത്തം നൽകി സർക്കാർ ധനസഹായം നൽകുന്നുണ്ട്. 77 പ്രാഥമിക സംഘങ്ങൾക്ക് ഇതിനകം ധനസഹായം നൽകിക്കഴിഞ്ഞു. കൂടാതെ ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്കും ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ഈ പദ്ധതി തുടരുകയാണ്.

ഖാദി വസ്ത്രങ്ങളുടെ പ്രചരണം

156 (6328) ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ഖാദി വസ്ത്രങ്ങൾക്ക് നൽകിയിരുന്ന റിബേറ്റ് പിൻവലിച്ചതുമൂലം സംസ്ഥാനത്ത് ഖാദിവസ്ത്ര വിൽപനയിൽ കുറവുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ മുൻകാലങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം കുറവ് വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഖാദി വസ്ത്രങ്ങളുടെ പ്രചരണത്തിനായി സംസ്ഥാന സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഏകദേശം 40% കുറവുണ്ടായിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(ബി) 1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ പില്ലറ വില്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. 2006-07 വർഷം 430 ലക്ഷം രൂപയും 2007-08 വർഷം 404.75 ലക്ഷം രൂപയും

LIBRARY ARCHIVES Kerala Legislative Assembly